- ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
- റവന്യൂ
- സിവിൽ സപ്ലൈസ്
- ബി.എസ്.എൻ.എൽ
- പോലീസ്

(ബി & സി) നിലവിൽ ജനസേവന കേന്ദ്രത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. അനുയോജ്യമെന്ന് കണ്ടെത്തുകയാണെങ്കിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും അക്ഷയ കേന്ദ്രങ്ങൾ മുഖേന ജനസേവന കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

ജനസേവന കേന്ദ്രങ്ങൾ

193 (8029) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസേവനകേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിലവിൽ എത്ര ജനസേവനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ ;

(സി) ജനങ്ങൾക്ക് സമയനഷ്ടം കൂടാതെ സേവനം ലഭ്യമാക്കുന്നതിനായി കൂടുതൽ ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നൂറുകണക്കിനാളുകൾക്ക് ദിവസേന സേവനം ലഭിച്ചുവരുന്ന തിരുവനന്തപുരം പാളയത്ത് ട്രിഡ കോംപ്ലക്സിലുള്ള ജനസേവനകേന്ദ്രം നിർത്തലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിലുള്ള ജനസേവന കേന്ദ്രങ്ങൾ നിർത്തലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിൽ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ജനസേവന കേന്ദ്രങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിൽ പുതിയ ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശമില്ല.

(ഡി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

പുറക്കാട് ഐ.ടി. പാർക്ക്

194 (8030) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ പുറക്കാട് കേന്ദ്രമാക്കി, പുറക്കാട് വില്ലേജിലെ ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി. പാർക്ക് തുടങ്ങുന്നതിനുള്ള തടസ്സം എന്താണ് ;

(ബി) ബയോഡൈവേഴ്സിറ്റി ബോർഡ് ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ച് പുറക്കാട് ഐ.ടി. പാർക്ക് സ്മൃതിവനത്തിൽ ലഭ്യമായ സ്ഥലത്തുതന്നെ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് ഐ.ടി. പാർക്ക് തുടങ്ങുന്നതിനായി വിവര സാങ്കേതിക വിദ്യ വകുപ്പിന് കൈമാറി ലഭിച്ച ഗാന്ധിസ്മൃതിവനം പദ്ധതിയിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി. പാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ ബയോഡൈവേഴ്സിറ്റി ബോർഡ് എതിർപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ചതുപ്പ് നിലമായതിനാൽ പുതുതായി നിലവിൽ വന്ന തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പ്രസ്തുത പദ്ധതി തുടരുന്നത് നിയമവിധേയമല്ല എന്നതിനാലും ഈ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

അട്ടപ്പാടി കിടപ്പാടം പദ്ധതിയിലെ സാമ്പത്തിക ക്രമക്കേട്

195 (8031) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് പ്രഖ്യാപിച്ച പല പദ്ധതികളുടെയും ആനുകൂല്യങ്ങൾ ആദിവാസികൾക്ക് നൽകിയതായി രേഖയുണ്ടാക്കി വൻവെട്ടിപ്പ് നടത്തുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly